## പതിമൂന്നാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം. 7104

16-07-2012 - ൽ മറുപടിക്ക്

**ഹയർ സെക്കണ്ടറി അദ്ധ്യാപക നിയമനത്തിലെ വെയിറ്റേജ് മാർക്ക്**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. വി.ഡി. സതീശൻ** | **ശ്രീ.പി.കെ.അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) 18.01.2011 ലെ 3/11 നമ്പർ സർക്കുലർ പ്രകാരം ഹയർ സെക്കണ്ടറി അദ്ധ്യാപക നിയമനത്തിൽ അടിസ്ഥാന യോഗ്യത കൂടാതെ അധിക യോഗ്യതയുള്ളവർക്ക് വെയിറ്റേജ് മാർക്ക് നൽകാറുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഏതെല്ലാം അധിക യോഗ്യതകൾക്കാണ് നൽകുന്നതെന്ന് വിശദമാക്കുമോ; | (ബി) നോൺ ക്വാളിഫൈയിംഗ് എം.ഫിൽ, നോൺ ക്വാളിഫൈയിംഗ് പി.എച്ച്.ഡി, നോൺ ക്വാളിഫൈയിംഗ് എം.ഫിൽ & നോൺ ക്വാളിഫൈയിംഗ് പി.എച്ച്.ഡി, നോൺ ക്വാളിഫൈയിംഗ് പോസ്റ്റ് ഡോക്ടറൽ ഡിഗ്രി എന്നി അധിക യോഗ്യതയുള്ളവർക്ക് വെയിറ്റേജ് മാർക്ക് നൽകുന്നുണ്ട്. (നോൺ ക്വാളിഫൈയിംഗ് - തസ്തികക്കു വേണ്ടുന്ന അത്യാവശ്യ യോഗ്യതക്ക് പുറമെ നേടിയിട്ടുള്ളത്) |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത അദ്ധ്യാപക നിയമനത്തിന് എം.എഡ് ഉള്ളവർക്ക് വെയിറ്റേജ് മാർക്ക് നൽകാറുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; | (സി) | ഇല്ല. എം.എഡ് ബിരുദമുള്ളവരെ സെറ്റ് യോഗ്യത നേടുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ വെയിറ്റേജ് മാർക്ക് നൽകുന്നതിനായി പരിഗണിക്കാത്തതിനു കാരണം എം.ഫിൽ, പി.എച്ച്.ഡി, പോസ്റ്റ് ഡോക്ടറൽ ഡിഗ്രി എന്നീ യോഗ്യതകളോടൊപ്പം ട്രെയിനിംഗിൽ ഉള്ള യോഗ്യതയായ എം.എഡ് ഉൾപ്പെടുന്നില്ല. |
| (ഡി) | എം.എഡ്. ഉള്ളവർക്ക് വെയിറ്റേജ് മാർക്ക് നൽകുവാൻ ഉദ്ദേശിക്കുന്നുവോ എന്ന് വ്യക്തമാക്കുമോ ? | (ഡി) | ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ